**POLICE** **DEPARTMENT**

**KERALA**

**No.D8-84748/2015/PHQ**

പോലീസ് ഹെഡ്ക്വാട്ടേഴ്സ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 28-05-2016

**സർക്കുലർ No...........7................/2016**

വിഷയം : 18 വയസ് പൂർത്തിയാകാത്ത കുട്ടികളെ അറസ്റ്റ് ചെയ്യുമ്പോൾ 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമത്തിലെ വ്യവസ്ഥകൾ അനുവർത്തിക്കുന്നതു സംബന്ധിച്ച്.

സൂചന : കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ 08-05-2015-ൽ സി .ആർ .എം .പി .നമ്പർ 928എ /13/എൽ .എ 2 /2015/ കെ .ഇ .എസ് .സി .പി .സി .ആർ നമ്പരായി പുറപ്പെടുവിച്ച ഉത്തരവ്.

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം വകുപ്പ് 2(12) പ്രകാരം "child" എന്ന പദത്തിന്റെ നിർവചനത്തിൽ 18 വയസ് പൂർത്തിയാകാത്ത കുട്ടികളെല്ലാം ഉൾപ്പെട്ടുവരുന്നുണ്ട്. പ്രസ്തുത നിയമത്തിൻറെ വകുപ്പ് 13(1) അനുസരിച്ച് കുറ്റം ആരോപിക്കപ്പെട്ട ഒരു കുട്ടിയെ അറസ്റ്റ് ചെയ്താൽ പോലീസ് എത്രയും വേഗം കുട്ടിയുടെ മാതാപിതാക്കളെയോ രക്ഷകർത്താവിനെയോ കുട്ടിയെ അറസ്റ്റ് ചെയ്ത വിവരം അറിയിച്ചിരിക്കേണ്ടതും കുട്ടിയെ ഹാജരാക്കുവാൻ പോകുന്ന ബോർഡിനുമുമ്പാകെ അന്നേദിവസം അവർ ഹാജരാകണമെന്ന് നിർദ്ദേശിച്ചിരിക്കേണ്ടതുമാണ്. അതോടൊപ്പം അറസ്റ്റ് വിവരം പ്രൊബേഷൻഓഫീസറെയോ അദ്ദേഹം ലഭ്യമല്ലെങ്കിൽ ചൈൽഡ് വെൽഫെയർ ഓഫീസറിനെയോ അറിയിച്ചിരിക്കേണ്ടതുമാണ്. 2014-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) സംസ്ഥാനചട്ടങ്ങളിലെ ചട്ടം 12-ൽ മേൽപ്പറഞ്ഞ വ്യവസ്ഥ കൂടാതെ ബോർഡിൻറെ അഡ്രസ്സും ബോർഡിനുമുമ്പാകെ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷകർത്താവ് ഹാജരാകേണ്ട തീയതിയും സമയവും കൂടി മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷകർത്താവിനെ അറിയിച്ചിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സൂചനയിൽ പരാമർശിച്ചിട്ടുള്ള സംസ്ഥാന ബാലാവകാശ കമ്മീഷൻ ഉത്തരവിൽ ഹർജിക്കൊപ്പം ഹാജരാക്കിയ അറസ്റ്റ് മെമ്മോയിൽ കുറ്റംആരോപിക്കപ്പെട്ട ഒരു കുട്ടിയെ അറസ്റ്റു ചെയ്തപ്പോൾ മാതാപിതാക്കളെയോ രക്ഷിതാവിനെയോ ജില്ലാ പ്രൊബേഷൻ ഓഫീസറെയോ അറസ്റ്റ് വിവരം അറിയിച്ചിരുന്നില്ലായെന്നത് വ്യക്തമാണ്. കുട്ടികളുടെ അടിസ്ഥാനപരമായ അവകാശങ്ങളുടെ സംരക്ഷണവും അവരുടെ സുരക്ഷിതത്ത്വവും ഉറപ്പു വരുത്തുന്നതിനും അവരുടെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നീതിന്യായനിർവഹണം സാധ്യമാക്കുന്നതിനും മേൽപ്പറഞ്ഞ നിയമവ്യവസ്ഥകളിൽ നിയമപാലകർ ബോധവാന്മാരായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രൊബേഷൻ ഓഫീസറിനെ വിവരമറിയിക്കുന്നത് കുട്ടിയുടെ ജീവിത പശ്ചാത്തലവും കുടുംബ പശ്ചാത്തലവും സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി ബോർഡുമുമ്പാകെ സമർപ്പിക്കുന്നതിനും അന്വേഷണത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന് ഉചിതമായ തീരുമാനത്തിലെത്തുന്നതിനുമാണ്. അതിനാൽ 18 വയസ്സ് പൂർത്തിയാകാത്ത കുട്ടികളെ അറസ്റ്റുചെയ്താൽ പ്രസ്തുത വിവരം മാതാപിതാക്കളെയോ രക്ഷിതാക്കളെയോ അറിയിക്കുന്നതോടൊപ്പം പ്രൊബേഷൻഓഫീസറെയോ അദ്ദേഹത്തിൻറെ അഭാവത്തിൽ ചൈൽഡ് വെൽഫെയർ ഓഫീസറിനെയോ അറിയിച്ചിരിക്കേണ്ടതുമാണെന്ന ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ എല്ലാ സ്റ്റേഷൻ ഹൌസ് ഓഫീസർമാരും കൃത്യമായി പാലിച്ചിരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ടി പി സെൻകുമാർ ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

D8-84748/2015/PHQ
fdf8de

സ്വീകർത്താവ് : എല്ലാ ലിസ്റ്റ് ഡി ഓഫീസർമാർക്കും അറിവിലേക്കും അനന്തരനടപടിക്കുമായി.

പകർപ്പ് : സർക്കുലർ രജിസ്റ്റർ, പോലീസ് വെബ്സൈറ്റ്.